# കേരള സർക്കാർ

നം. ഡി.എ 1/177/2018/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം, 28.02.2018

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ്- ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. സ.ഉ (എം.എസ്) നം.11/2018/തസ്വഭവ; തീയതി 29.01.2018

2. സ.ഉ(എം.എസ്) നം. 17/2018/തസ്വഭവ; തീയതി 02.02.2018

ജില്ലാ പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള കീഴ്ത്തട്ട് നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണസമിതികൾ പ്രാദേശിക സർക്കാരുകൾക്ക് നൽകണമെന്ന് സൂചനയിലെ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.4 ൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ 2018–19 വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയമായതിനാൽ, എല്ലാ ജില്ലാ ആസൂത്രണ സമിതികളും ഉടൻതന്നെ ചുവടെ പറയുന്ന കാര്യങ്ങൾ കണക്കിലെടുത്തു കീഴ്ത്തട്ട് നിർദ്ദേശങ്ങൾ സംബന്ധിച്ച നടപടി ഉത്തരവ് നൽകേണ്ടതാണ്.

1. നിർദ്ദേശങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിനും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിനും അനുസൃതമായിരിക്കണം.
2. ഓരോ തലത്തിലെയും പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള നിർദ്ദേശങ്ങൾ മാത്രമേ നൽകാൻ പാടുള്ളൂ. ആയത് പദ്ധതി സംബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കുകയും വേണം.
3. വിവിധ വികസന മേഖലകളിൽ അവലംബിക്കേണ്ട മുൻഗണനകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവ നൽകാവുന്നതാണ്.
4. കരട് ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ വിഷയങ്ങൾ അവയുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ അഥവാ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് നൽകാവുന്നതാണ്.

5. പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിൽ കണ്ടുവരുന്ന കോട്ടങ്ങൾ പരിഹരിക്കുന്നതിനും തെറ്റായതോ നിരുത്സാഹപ്പെടുത്തേണ്ടതോ ആയ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

6. പ്രാദേശിക പദ്ധതികളിലെ അനുകരണീയ മാതൃകകൾ, പുതിയ പ്രശ്ന പരിഹാര രീതികൾ നവീന ആശയങ്ങൾ, മാതൃകാ പ്രോജക്ടുകൾ എന്നിവ നൽകാവുന്നതാണ്.

7. താരതമ്യേന വലുതും വിവിധ തലത്തിൽ ഗവൺമെന്റുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുന്നതുമായ സംയോജിത പ്രോജക്ട് നിർദ്ദേശങ്ങളിൽ 2018-19 ൽ ഏറ്റെടുക്കാൻ കഴിയുന്നവ ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരത്തോടെ നിർദ്ദേശിക്കാവുന്നതാണ്.

8. സമാന പ്രോജക്ടുകൾ ഒന്നിലേറെ ഏജൻസികൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

9. വികസന മിഷനുകളുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനുള്ള നിർദ്ദശങ്ങൾ നൽകേണ്ടതാണ്.

10. പരിമിതമായ വിഭവം തീരെ ചെറിയ പ്രോജക്ടുകൾക്കായി വകയിരുത്തുന്നതും വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതുമായ പ്രവണത ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

11. പ്രാദേശിക പദ്ധതികൾ തയ്യാറാക്കുന്ന സമയത്ത് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ടെങ്കിലും നിർവഹണത്തിൽ അത് പ്രതിഫലിക്കുന്നില്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ പോരായ്മ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

12. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയെ പ്രാദേശിക പദ്ധതിയുമായി ഫലപ്രദമായി സംയോജിപ്പിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. ഇതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

13. പദ്ധതി ആസൂത്രണത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

പ്രാദേശിക സർക്കാരുകളുടെ സ്വയംഭരണാധികാരം കണക്കിലെടുത്തുകൊണ്ട് മാത്രമേ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ നൽകാവൂ. ആയത് ഉപദേശ നിർദ്ദേശങ്ങളായി നൽകുന്നത് ഉചിതമായിരിക്കുന്നതാണ്. അനിവാര്യ നിർദ്ദേശങ്ങൾ കഴിവതും ഒഴിവാക്കേണ്ടതും അനിവാര്യ നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ടെങ്കിൽ അവ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചതിനുശേഷം മാത്രം നൽകേണ്ടതുമാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)

എല്ലാ ജില്ലാ കളക്ടർമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)

എല്ലാ ജില്ലാ പ്ലാനിങ്ങ് ഓഫീസർമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ(അർബൻ)പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ